**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4082 18.10.2011 ൽ മറുപടിക്ക്**

## റോഡു വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ ഗ്രാമീണ റോഡ്, പി.ഡബ്ല്യു.ഡി റോഡ്, നാഷണൽ ഹൈവേ എന്നിവയുടെ വികസനവു മായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ സഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയി ക്കുമോ ; | (എ)പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിൽ സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം നടപടി എടുത്തു വരുന്നു. കെ.എസ്.ടി.പി. രണ്ടാം ഘട്ട റോഡ് വികസന പദ്ധതിയിൽ 367 കി.മീ. റോഡ് പുനർ നിർമ്മിക്കാൻ പദ്ധതി രൂപ കല്പന ചെയ്തിട്ടുണ്ട്. എൻ.എച്ച് 47, എൻ.എച്ച്. 17 എന്നിവ ബി.ഒ.ടി. സ്കീമിൽ ഉൾപ്പെടുത്തി 4/6 വരി പാതയായി വികസിപ്പിച്ചു വരുന്നു. എൻ.എച്ച് 49, എൻ.എച്ച്. 208, എൻ.എച്ച് 212, എൻ.എച്ച്. 213, എൻ.എച്ച് 220 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരി പാതയായി **Design-Build-Finance-Operate and Transfer** സ്കീമിൽ ദേശീയ പാത വികസന പദ്ധതിയിൽപ്പെടുത്തി വികസിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർ ക്കാരിലേക്ക് പ്രോജക്ടുകൾ സമർ പ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | (ബി) കാലവർഷക്കെടുതികളിൽ തകർന്ന പൊതുമരാമത്ത് വകുപ്പു റോഡുകൾ പുനരുദ്ധരിക്കുന്നതിന് 883.01 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി കേന്ദ്രാനുമതിക്കു സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി രണ്ടാംഘട്ട റോഡ് വികസന പദ്ധതിയ്ക്കായി ലോക ബാങ്കിന്റെ ധന സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയപാത വികസനത്തിനായി നടപ്പു വർഷം 271.33 കോടി രൂപയ്ക്കുള്ള വർഷിക പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ